**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2018-19 – കരവാരം ഗ്രാമപഞ്ചായത്ത്- ലൈഫ് ഭവന നിർമ്മാണം - പട്ടിക ജാതി പദ്ധതിയുടെ തെറ്റായ ബിൽ പാസാക്കിയതു മൂലം ഗുണഭോക്താവിന് അധിക തുക ലഭ്യമായത് തിരിച്ചടച്ചത് - അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 2660/2019/ധന. തീയതി, തിരുവനന്തപുരം, 30 മാർച്ച് 2019

---

പരാമർശം.
1) സ.ഉ.(അ) നം.119/2015/ധന തീയതിഃ 21/03/2015
2) സ.ഉ.(അ) നം.419/2015/ധന തീയതിഃ 19/09/2015
3) കരവാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 05/11/2018, 06/02/2019 എന്നീ തീയതികളിലെ കത്ത്
4) ട്രഷറി ഡയറക്ടറുടെ 08/03/2019 ലെ ഇ 3-24337/2018 നമ്പർ കത്ത്
5) സ.ഉ.(സാധാ) നം.2597/2019/ധന തീയതിഃ 28/03/2019

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് ഭവന നിർമ്മാണം എസ്.സി.പി എന്ന പദ്ധതിയ്ക്കായി ഗുണഭോക്താക്കളായ നാലുപേർക്ക് 40,000/- രൂപ വീതം ആകെ 160000/- രൂപയുടെ ബിൽ തയ്യാറാക്കി സാംഖ്യാ വെബ് മുഖാന്തിരം ട്രഷറിയിൽ സമർപ്പിച്ചപ്പോൾ ബിൽ ബുക്കിൽ ബിൽ പാസായതായി കാണിച്ച് തിരികെ ലഭിക്കുകയുണ്ടായെങ്കിലും സാംഖ്യാ വെബ് മുഖാന്തിരം പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് ആർക്കും തുക ലഭിച്ചിട്ടില്ലായെന്ന് വ്യക്തമായി. വിശദമായ പരിശോധനയിൽ വി ഇ ഒ ഇതേ പ്രോജക്ടിനായി ശ്രീമതി രാധ എന്ന ഗുണഭോക്താവിന് കൈമാറാനായി 1,60,000/- രൂപയുടെ ബിൽ തയ്യാറാക്കി മുൻപ് ട്രഷറിയിൽ സമർപ്പിച്ച് ബിൽ പാസക്കുകയും തുക ലഭ്യമാകുകയും ചെയ്തതായും തുടർന്ന് അതേ വ്യക്തിക്ക് തന്നെ വീണ്ടും തുക അനുവദിച്ച് നൽകിയതായും പരാമർശം (3) ലെ കത്ത് പ്രകാരം കരവാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിരിക്കുന്നു. ടി തുക തിരികെ 3604-00-200-86-(10)-35 എന്ന കണക്ക് ശീർഷകത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും എന്നാൽ നിലവിൽ അലോട്ട്മെന്റ് ഇല്ലാത്തതിനാൽ യഥാർത്ഥത്തിൽ പാസാക്കേണ്ട ബിൽ പാസാക്കാൻ സാധിക്കാതെ അവശേഷിക്കുന്നുവെന്നും ഗ്രാമപഞ്ചായത്തിന്റെതല്ലാത്ത കാരണത്താൽ നഷ്ടപ്പെട്ടുപോയ 1,60,000/- രൂപയുടെ പാസാക്കാതെ ട്രഷറിയിൽ അവശേഷിക്കുന്ന ബിൽ അടിയന്തരമായി പാസാക്കി നാല് ഗുണഭോക്താക്കൾക്കും തുക ലഭിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്നും പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

2) കരവാരം ഗ്രാമപഞ്ചായത്ത് വി.ഇ.ഒ 07.09.2018 ൽ രണ്ട് ബില്ലുകൾ സാംഖ്യ വഴി ട്രഷറിയിൽ ഓൺ ലൈനായി സമർപ്പിച്ചിരുന്നുവെന്നും ഇതിൽ ആദ്യത്തെ ബിൽ പാസാക്കി ഗുണഭോക്താവായ ശ്രീമതി രാധയുടെ അക്കൗണ്ടിൽ 1,60,000/- രൂപ ക്രഡിറ്റ് ചെയ്തിരുന്നുവെന്നും രണ്ടാമത്തെ ബിൽ വി.ഇ.ഒ ട്രഷറിയെ സമീപിച്ച് ക്യാൻസൽ ചെയ്തിരുന്നില്ലെന്നും 11.10.2018 ൽ

1,60,000/- രൂപയുടെ മറ്റൊരു ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നതിൽ 4 ഗുണഭോക്താക്കൾ ഉണ്ടായിരുന്നുവെങ്കിലും ട്രഷറിയിൽ നിന്നും പാസ്സായി പോയത് 02.09.2018 ൽ വി.ഇ.ഒ സമർപ്പിച്ച ക്യാൻസൽ ചെയ്യാതെ അവശേഷിച്ചിരുന്ന സമാനമായ തുകയുടെ ബിൽ ആയിരുന്നുവെന്നും അത് കാരണമാണ് ശ്രീമതി രാധയുടെ അക്കൗണ്ടിൽ വീണ്ടും 1,60,000/- രൂപ എത്തിച്ചേരാനിടയായതെന്നും ടി തെറ്റ് ശ്രദ്ധയിൽപ്പെട്ടയുടനെ ശ്രീമതി രാധയോട് രണ്ടാമത് ലഭിച്ച തുക തിരികെ അടയ്ക്കുവാൻ ട്രഷറിയിൽ നിന്നും ആവശ്യപ്പെടുകയും കരവാരം ഗ്രാമപഞ്ചായത്തിന്റെ STSB അക്കൗണ്ടിൽ തിരിച്ചടയ്ക്കുകയും ചെയ്തുവെന്നും ടി തുക കരവാരം STSB അക്കൗണ്ടിൽ നിന്നും 3604-00-200-86-10-35 എന്ന ശീർഷകത്തിൽ ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതായും ആയത് പ്രകാരം പ്രസ്തുത തുക ടി ശീർഷകത്തിൽ ഒടുക്കിയതായും ടി തുക മാത്രം ശ്രദ്ധിച്ചതിനാൽ സിസ്റ്റത്തിൽ അവശേഷിച്ച ക്യാൻസൽ ചെയ്യാത്ത ബിൽ അറിയാതെ പാസാക്കിയതിന് നിരുപാധികം ബന്ധപ്പെട്ട ഓഫീസർ ക്ഷമ ചോദിച്ചിട്ടുണ്ടെന്നും ട്രഷറി ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കരവാരം ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന നിർമ്മാണം എസ്.സി.പി എന്ന പദ്ധതിയ്ക്കായി ഗുണഭോക്താക്കളായ നാലുപേർക്ക് 40,000/- രൂപ വീതം ആകെ 160000/- രൂപയുടെ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുകയും ടി തുക തെറ്റായി മറ്റൊരു ഗുണഭോക്താവിന് അനുവദിക്കുകയും തുടർന്ന് '3604-00-200-86-(10)-35' എന്ന കണക്ക് ശീർഷകത്തിലേക്ക് തിരിച്ചടക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത തുകയായ 1,60,000/- രൂപ (ഒരു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) കരവാരം ഗ്രാമപഞ്ചായത്തിന് (G010203) '3604-00-200-86-(10)-35' എന്ന കണക്ക് ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജൻ വി കെ**
**ധനകാര്യ അഡീഷണൽ സെക്രട്ടറി**

സ്വീകർത്താക്കൾ :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സെക്രട്ടറി, കരവാരം ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (E-1051235)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.